**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1747. 12-06-2019-ലെ മറുപടിക്ക്.

**അമരവിളയിലെ സ്കിൽ പാർക്ക് നിർമ്മാണം**

ചോദ്യം

ശ്രീ. കെ. ആൻസലൻ

ഉത്തരം

ഡോ. കെ.ടി. ജലീൽ
ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | നെയ്യാറ്റിൻകരയിലെ അമരവിളയിൽ ആരംഭിക്കുവാൻ പോകുന്ന സ്കിൽ പാർക്കിന്റെ (അസാപ്) നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചോ; | എ) | പൂർത്തീകരിച്ചിട്ടില്ല. |
| ബി)<br><br>സി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ;<br>&<br>സ്കിൽ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | ബി)<br>&<br>സി) | നെയ്യാറ്റിൻകര അമരവിള സ്കിൽ പാർക്ക് സ്ഥാപിക്കുവാൻ സിഡ്കോയുടെ ഉടമസ്ഥതയിലുള്ള ഭൂമി അസാപ്പിന് കൈമാറുകയുണ്ടായെങ്കിലും പ്രസ്തുത സ്ഥലത്ത് നിലനിന്നിരുന്ന ഇഷ്ടികച്ചൂള പൊളിച്ചു നീക്കുവാൻ മൂന്ന് തവണ ടെൻഡർ ക്ഷണിച്ചെങ്കിലും അസസ്മെന്റ് വാല്യൂവിനെക്കാൾ വളരെ കുറഞ്ഞ തുക കോട്ട് (quote) ചെയ്യപ്പെട്ടതിനാൽ പ്രസ്തുത കെട്ടിടം പൊളിച്ചു നീക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണം യഥാസമയം ആരംഭിക്കുവാൻ കഴിഞ്ഞില്ല. മേൽപ്പറഞ്ഞ ഭൂമിയിൽ ഒരു റവന്യൂ റിക്കവറി കേസ് നിലനിൽക്കുന്നതായി പിന്നീട് അറിയാൻ കഴിഞ്ഞതും നിർമ്മാണം തുടങ്ങുന്നതിന് നിയമപരമായി തടസ്സമായി.<br><br>ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ അധ്യക്ഷതയിൽ 12-03-2019-ൽ കൂടിയ യോഗത്തിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിനു വേണ്ടി നൽകിയ സ്ഥലത്തെ റവന്യൂ |

| | | | |
|---|---|---|---|
| | | | റിക്കവറി സംബന്ധിച്ച വിഷയം ചർച്ച ചെയ്തു തീർപ്പാക്കുന്നതിനും പ്രസ്തുത സ്ഥലത്തെ ടൈൽ ഫാക്ടറി പൊളിച്ചു നീക്കുന്നത് സംബന്ധിച്ച വിഷയങ്ങൾ പി.ഡബ്ല്യു.ഡി-യുമായി ചർച്ച ചെയ്തു സ്ഥലം നിരപ്പാക്കി നൽകുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കുന്നതിന് സ്ഥലം എം.എൽ.എ-യെ ചുമതലപ്പെടുത്തുകയുമുണ്ടായി.<br>സിഡ്കോ വിട്ടു നൽകിയ സ്ഥലത്തെ റവന്യൂ റിക്കവറി സംബന്ധിച്ച ബാദ്ധ്യത ഒഴിവായും പ്രസ്തുത സ്ഥലത്തെ ടൈൽ ഫാക്ടറി പൊളിച്ചു നീക്കി സ്ഥലം നിരപ്പാക്കിയും ലഭിക്കുന്ന മുറയ്ക്ക് അസാപ്പിന്റെ രണ്ടാം ഘട്ടത്തിൽ ഓപ്പറേറ്റിംഗ് പാർട്ണറുടെ ആവശ്യം അനുസരിച്ച് സ്കിൽ പാർക്ക് നിർമ്മിക്കുവാൻ നടപടി എടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

Deepak

സെക്ഷൻ ഓഫീസർ